
# വയലേലകളിലിറങ്ങുന്ന വിനാശപ്പറവകൾ

**വയനാട്ടിലെ ചീക്കല്ലൂർ വയൽനികത്തി വിമാനത്താവളം നിർമ്മിക്കുന്നതിനെതിരെ നാട്ടുകാർ നടത്തുന്ന അതിജീവന സമരം**


■ രതീഷ് വാസുദേവൻ

വയനാട് എന്നും സമരമുഖരിതമായിരുന്നു. സ്വാതന്ത്ര്യപൂർവകാലത്ത് വെള്ളക്കാരുടെ കോയ്മക്കെതിരെ പഴശ്ശി നടത്തിയ പോരാട്ടം, പിന്നീട് വസന്തത്തിന്റെ ഇടിമുഴക്കമായി നക്സലൈറ്റുകൾ, രണ്ടായിരത്തിൽ മണ്ണിനുവേണ്ടി ആദിവാസികൾ മുത്തങ്ങയിൽ നടത്തിയ പ്രതിരോധങ്ങൾ. പുതിയ ജനകീയ പ്രതിരോധങ്ങൾ ഇപ്പോഴും വയനാടൻ ഭൂമിയിൽ പിറവിയെടുക്കുന്നു. വികസനത്തിന്റെ പേരിൽ പരിസ്ഥിതിയും മുന്നണികളും നോക്കാതെ പണമിറക്കാൻ തയാറാകുന്ന സംഘങ്ങളും അതിനു കുടപിടിക്കുന്ന സർക്കാർ സംവിധാനങ്ങളും ഇവിടുത്തെ ശേഷിക്കുന്ന പച്ചപ്പും തണുപ്പും മഴയും കൂടി തുടച്ചുകളയാനുള്ള ശ്രമത്തിലാണ്.



ജില്ലയിലെ ചീക്കല്ലൂർ ഗ്രാമമാണ് സമരമുഖത്തുള്ളത്. തങ്ങളുടെ നെൽപ്പാടത്ത് വിമാനമിറക്കി അന്നം മുട്ടിക്കരുതെന്നാണ് ഗ്രാമത്തിലെ കർഷകരുടെ ആവശ്യം. വികസനത്തിന്റെ പേരിൽ ഓരം ചേർക്കപ്പെടുന്ന ആദിവാസികളും സാധാരണക്കാരും തന്നെയാണ് ചീക്കല്ലൂർ പാടത്തും വിമാനമിറങ്ങുമ്പോൾ ആട്ടിപ്പായിക്കപ്പെടുക.

കളിവാക്കായി പറയാമെങ്കിലും എയ്റോഫാമിങ് എന്ന ഈ കൃഷി കേരളത്തിൽ സജീവമായിട്ട് നാളുകളേറെ കഴിഞ്ഞു. വിനോദസഞ്ചാരവികസനത്തിന് ആധുനിക സൗകര്യങ്ങളൊരുക്കുക എന്ന ലക്ഷ്യം വച്ചാണ് ഈ ചർച്ച സജീവമായത്. ആറൻമുള ഇതിനൊരുദാഹരണംമാത്രം. വിമാനത്താവളങ്ങൾ വന്നാൽ സാധ്യമാകുന്ന ഭൂമിക്കച്ചവടവും മറ്റ് വിപണന സാധ്യതകളും പരിഗണിച്ച് വൻകിട കമ്പനികൾ സർക്കാരിനെ സമീപിച്ചതോടെയാണ് ഈ കൃഷി സജീവമായത്. കൂടുതൽ എമേർജാകാൻ വേണ്ടി വിവിധ ഇടങ്ങളിലായി ചെറുവിമാനത്താവളങ്ങൾ (എയർസ്ട്രിപ്പ്) ആരംഭിക്കാനുള്ള പ്രാഥമിക നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. അങ്ങനെയാണ് 2011-ൽ ചീക്കല്ലൂർ പ്രദേശത്ത് പരിശോധനാ നടപടികൾക്കായി സംസ്ഥാന സർക്കാറിന്റെ അപേക്ഷപ്രകാരം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചത്. ഇവരുടെ കൂടെ ജില്ലാകളക്ടർ, എ.ഡി.എം,



ചീക്കല്ലൂർ



ചീക്കല്ലൂരിലെ ആദിവാസികൾ

തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥർ എന്നിവരുമുണ്ടായിരുന്നു. അപ്പോൾ മാത്രമാണ് ചീക്കല്ലൂരിലെ നെൽവയലുകൾക്കുമേൽ ഇത്തരമൊരു ലക്ഷ്യം അധികൃതർക്കുണ്ടെന്ന് പ്രദേശവാസികൾ തിരിച്ചറിഞ്ഞത്.

സുൽത്താൻബത്തേരി താലൂക്കിൽപ്പെട്ട വയനാട് വന്യജീവി സംരക്ഷണ കേന്ദ്രത്തോടു ചേർന്നുള്ള വലിയ പാടശേഖരമായ മാതമംഗലം വയലിൽ വിമാനത്താവളമൊരുക്കാനുള്ള ശ്രമം നടന്നിരുന്നു. എന്നാൽ പ്രദേശത്ത് പാരമ്പര്യമായി കൃഷി ചെയ്തുവന്ന ആദിവാസി വിഭാഗങ്ങളും നാട്ടുകാരും കർഷകത്തൊഴിലാളികളും പ്രതിഷേധവുമായി രംഗത്തിറങ്ങുകയും സ്ഥലപരിശോധനയ്ക്ക് സ്ഥലത്തെത്തിയ എയർപോർട്ട് അതോറിറ്റി അധികൃതരെ തടഞ്ഞുവെക്കുകയും ചെയ്തു. ഇതോടെയാണ് ഇവരുടെ ശ്രദ്ധ ചീക്കല്ലൂരിലേക്കു തിരിയുന്നത്. വിവരമറിഞ്ഞ് ആശങ്കയിലായ നാട്ടുകാർ ത്രിതല പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ടെങ്കിലും ഇതുസംബന്ധിച്ച് വ്യക്തമായ ഒരു വിവരവും ആ സമയംവരെയും ഈ സ്ഥാപനങ്ങൾക്കും കൈമാറിയിരുന്നില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതികളുടെയും ഗ്രാമസഭകളുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രാദേശിക ഭരണത്തിൽ അന്തിമ തീരുമാനമാകുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

## ബലിയിടമായ ചീക്കല്ലൂർ

കൽപ്പറ്റ നഗരത്തോടുചേർന്ന ഒരു എസ്റ്റേറ്റും ചീക്കല്ലൂരും മാതമംഗലവുമായിരുന്നു എയർസ്ട്രിപ്പ് നിർമിക്കാനായി കണ്ടെത്തിയത്. പലകാരണങ്ങൾകൊണ്ടും മറ്റു രണ്ട് സ്ഥലങ്ങളും ഒഴിവാക്കപ്പെട്ടതോടെ ചീക്കല്ലൂർ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സാങ്കേതിക സാധ്യത പഠനത്തിനുശേഷം പരിസ്ഥിതി ആഘാതപഠനം നടത്താൻ ഡൽഹി ആസ്ഥാനമായ നൈറ്റ്ഫ്രാങ്ക് ഇന്ത്യ ലിമിറ്റഡ് ആൻഡ് എയർപോർട്ട് പ്ലാനർ എന്ന കമ്പനിയെ ചുമതലപ്പെടുത്തി. എന്നാൽ ചീക്കല്ലൂരിലെത്തിയ കമ്പനി ഉദ്യോഗസ്ഥരെ സ്ഥലത്ത് കാലുകുത്താൻ അനുവദിക്കാതെ തിരിച്ചയയ്ക്കുകയായിരുന്നു നാട്ടുകാർ. തുടർന്ന് കെ.എസ്.ഐ.ഡി.സി. വിമാനത്താവളത്തിന്റെ നിർമാണ നടത്തിപ്പിന്റെ ചുമതല ഏറ്റെടുത്തു.

തുടക്കത്തിൽ ഇരുന്നൂറ് ഏക്കറിൽ ചെറുവിമാനത്താവളമെന്നു പറഞ്ഞ് സ്ഥലം ആവശ്യപ്പെട്ട എയർപോർട്ട് അതോറിറ്റി പിന്നീട് 381 ഏക്കർ സ്ഥലം നിർമാണത്തിന് വേണമെന്നറിയിച്ചു. ഇതിനിടെ രേഖകളിലുണ്ടായിരുന്ന എയർസ്ട്രിപ്പ് നിർമാണമെന്ന പേര് എയർപോർട്ട് നിർമാണം എന്നായി മാറി. ഇതിനിടെ കെ.എസ്.ഐ.ഡി.സി. ചുമതല ഏറ്റെടുത്തതോടെ അനുബന്ധ വികസനം ഉൾപ്പെടെ അഞ്ഞൂറ് ഏക്കർ സ്ഥലമാണ് കണക്കാക്കിയത്. ഇപ്പോൾ സ്ഥലം ഏറ്റെടുക്കലിന്റെ സാങ്കേതിക പ്രവർത്തനങ്ങൾ സജീവമാകുന്ന തിരക്കിലാണ് റവന്യൂ ഉദ്യോഗസ്ഥർ എന്നാണ് മനസിലാക്കാൻ കഴിയുന്നത്. എ.ഡി.എമ്മിന്റെ നേതൃത്വത്തിൽ കണിയാമ്പറ്റ, പനമരം വില്ലേജുകളിലെ നിർദിഷ്ട സ്ഥലത്തെ സർവെ നമ്പരുകൾ ശേഖരിച്ച് ഫെയർ വാല്യു നിശ്ചയിക്കാനുള്ള ശ്രമത്തിലാണ്.


ജില്ലയിലെ ഒരു മന്ത്രിയുൾപ്പെടെയുള്ള മൂന്നു ജനപ്രതിനിധികൾ, എം.പി. എന്നിവർ ചീക്കല്ലൂരുകാരുടെ പ്രതിഷേധത്തെ കേൾക്കാനോ പരിഗണിക്കാനോ തയാറായില്ലെന്ന് ചീക്കല്ലൂർ-എരനെല്ലൂർ- മേച്ചേരി കൃഷിഭൂമി സംരക്ഷണസമിതി ഭാരവാഹികൾ പറയുന്നു. ഒക്ടോബർ പതിനൊന്നിനു കലക്ടറേറ്റിൽ മന്ത്രി കെ. ബാബുവിന്റെ നേതൃത്വത്തിൽ വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിൽ ജില്ലക്കാരായ ജനപ്രതിനിധികളോ മന്ത്രിയോ പങ്കെടുത്തില്ല. ഏവിയേഷൻ ഓഫീസർ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിൽ മന്ത്രിയുൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുക്കാത്തത് വൻ പ്രതിഷേധത്തിനിടയാക്കി. തുടർന്ന് സർവകക്ഷിയോഗം അലങ്കോലപ്പെടുകയായിരുന്നു. സി.പി.എം. നേതൃത്വത്തിലുള്ള എൽ.ഡി.എഫും ബി.ജെ.പിയും യു.ഡി.എഫും ഒഴികെ മറ്റു രാഷ്ട്രീയസംഘടനകളും വിമാനത്താവള വിരുദ്ധസമരത്തിൽ സജീവമാണ്. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പ്രദേശത്തെത്തി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതോടെ നാട്ടുകാർ ആത്മവിശ്വാസത്തിലാണ്.

## വികസനത്തിന്റെ അരികുജീവിതങ്ങൾ

വികസന സ്വപ്നങ്ങൾ പ്രചരിക്കുമ്പോഴും ചീക്കല്ലൂരിൽ ഓരം ചേർക്കപ്പെടുന്നത് ആദിവാസികളും പിന്നാക്ക ദളിത് ന്യൂനപക്ഷ വിഭാഗങ്ങളുമാണ്. മൂന്നു പതിറ്റാണ്ടു മുൻപ് ആരംഭിച്ച മറ്റൊരു വികസന പദ്ധതിക്കുവേണ്ടി (കാരാപ്പുഴ ജലസേചന പദ്ധതി) സ്വന്തം നാടും വീടും സ്വപ്നങ്ങളുമുപേക്ഷിച്ച് ചീക്കല്ലൂർ പ്രദേശത്ത് രണ്ടാം ജന്മം തുടങ്ങിയവരായ ഇരുപതോളം ആദിവാസി കുടുംബങ്ങളാണ് വിമാനത്താവളം വന്നാൽ വീണ്ടും ഇവിടെനിന്ന് ആട്ടിയോടിക്കപ്പെടുക.

“ആരായിരിക്കും സാറേ, ചീക്കല്ലൂരിൽനിന്നു ഡൽഹിയിലേക്കും അമേരിക്കയിലേക്കും യാത്ര ചെയ്യുന്നത്? പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന ഈ റോഡൊന്നു നന്നാക്കിയാൽതന്നെ വലിയ ഉപകാരമായിരുന്നു. എന്നി

ബാദുഷ




പുസ്തകക്കാഴ്ച

വീണ്ടെടുപ്പുകൾ
മാർക്സിസവും ആധുനികതാ വിമർശനവും
സുനിൽ പി. ഇളയിടം
₹.375/-
യാന്ത്രിക മാർക്സിസത്തിന്റെ സങ്കുചിതധാരണകളോടും ഉത്തരാധുനികരുടെ മാർക്സിസ്റ്റ് വിരുദ്ധ നിലപാടുകളോടും ഒരുപോലെ വിയോജിച്ചുകൊണ്ട് ആധുനികതാവിമർശനം എന്ന നിലയിലുള്ള മാർക്സിസത്തിന്റെ സാംഗത്യവും സമകാലികപ്രസക്തിയും ഉയർത്തിപ്പിടിക്കുന്ന ഇരുപത്തിമൂന്ന് പ്രബന്ധങ്ങൾ. മുഖ്യധാരാ മാർക്സിസത്തിന്റെ പരിഗണനയിൽ ഇടംകിട്ടാതെപോയ പ്രമേയമേഖലകളെയും ചിന്താപാരമ്പര്യങ്ങളെയും വീണ്ടെടുത്ത് മാർക്സിസത്തിന്റെ ആധുനികതാവിമർശനപരമായ ഉള്ളടക്കം പുനഃസ്ഥാപിക്കാനുള്ള പരിശ്രമം.

വ്രണിതഭൂമി
₹.110/-

വിമർശനാത്മക ബോധനം
സിദ്ധാന്തവും പ്രയോഗവും
₹.100/-
ഡോ. പി.വി. പുരുഷോത്തമൻ
അവതാരിക : പ്രൊഫ. എം.എ. ഖാദർ
2005ലെ ദേശീയ പാഠ്യപദ്ധതിരൂപരേഖയിലും 2007ലെ കേരള പാഠ്യപദ്ധതിരൂപരേഖയിലും പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയ സമീപനമാണ് വിമർശനാത്മക ബോധനശാസ്ത്രം. ഈ പഠന സമീപനത്തിന്റെ ചരിത്രവഴികൾ, സൈദ്ധാന്തിക നിലപാടുകൾ, പ്രായോഗിക അനുഭവങ്ങൾ, നിലവിലുള്ള അവസ്ഥ, മുന്നോട്ടുള്ള വഴികൾ എന്നിവ വിശദമായി അവതരിപ്പിക്കുന്ന ആദ്യത്തെ മലയാളഗ്രന്ഥം.

കോപ്പികൾക്ക്
ജില്ലാ പരിഷത്ത് ഭവനുകളുമായി ബന്ധപ്പെടുക.
പരിഷത്ത് ഭവൻ, ഗുരുവായൂർ റോഡ്, തൃശൂർ-4
ഫോൺ : 0487-2381084 മൊബൈൽ : 9446382813



നികത്തപ്പെടാനൊരുങ്ങുന്ന വയലേലകൾ

ട്ടുമതി വിമാനം പറപ്പിക്കൽ. പദ്ധതി വന്നാൽ മണ്ണിനടിയിലാകുന്ന കുറുമ കോളനിയിലെ ശ്രീജ എന്ന വീട്ടമ്മ രോഷത്തോടെ പറയുന്നു:

"എന്തിനാണ് ഞങ്ങളെ തെരഞ്ഞുപിടിച്ചു ഉപദ്രവിക്കുന്നത്. പത്തുമുപ്പതു കൊല്ലം മുമ്പാണ് കാരാപ്പുഴയിൽ നിന്ന് ഇങ്ങോട്ടോടിച്ചത്. ഇനി ഇവിടെനിന്നു ഇറങ്ങാൻ പറഞ്ഞാൽ ഞങ്ങളെവിടെയും പോവില്ല."

ശ്രീജയുടെ അച്ഛനും മുത്തച്ഛനും ചെറിയച്ഛനും ബന്ധുക്കളും ജീവിച്ചിരുന്ന സ്ഥലമിന്ന് കാരാപ്പുഴ ജലസേചന പദ്ധതിയാണ്. അന്ന് വയനാട്ടിലെ വലിയ പാടശേഖരങ്ങളിലൊന്നായ നെല്ലാറച്ചാൽ ഉൾപ്പെടുന്ന പ്രദേശമാണിത്. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാനായി തുടങ്ങിയ പദ്ധതിയിൽനിന്ന് നാലുപതിറ്റാണ്ടുകളാവുമ്പോൾ ഒരു തുള്ളി വെള്ളംപോലും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. അഞ്ചുകോടിയിൽ തുടങ്ങി അഞ്ഞൂറുകോടിയിലെത്തിയ ഈ പദ്ധതി സമ്മാനിച്ച വികസനം കുറേ ആദിവാസികളെ അഭയാർഥികളും അനാഥരുമാക്കി മാറ്റി. അണക്കെട്ടിന്റെ പുറംപോക്കുകളിൽ കൂരകെട്ടി തെരുവുജീവിതം നയിക്കുന്ന പണിയ, നായ്ക്ക, ഊരാളി, ആദിവാസി കുടുംബങ്ങളെ ഇപ്പോഴും കാണാം. മുപ്പത്തിയഞ്ച് കൊല്ലമായി ഇവരുടെ പുനരധിവാസം പോലും നടത്താൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും പുതിയ വികസനത്തിന്റെ പേരു പറഞ്ഞ് നാട്ടുകാരെ പറ്റിക്കുകയാണ്.


ഗാഡ്ഗിൽ റിപ്പോർട്ട് അതീവ പരിസ്ഥിതി പ്രാധാന്യമെന്ന് വിലയിരുത്തുന്ന വയനാട്ടിൽ ശേഷിച്ച ഈ പാടശേഖരങ്ങളും മണ്ണിട്ട് നികത്തി എന്തിനാണ് ഇങ്ങനെ ഒരു വിമാനത്താവളമൊരുക്കുന്നതെന്ന് ആർക്കും മനസിലാകുന്നില്ല. പദ്ധതിക്കു കണ്ടെത്തിയ പ്രദേശങ്ങളുൾപ്പെടെ രണ്ടു പഞ്ചായത്തുകളിലും ഔദ്യോഗികമായി ഒരു രേഖയും നൽകാതെയാണ് എയർപോർട്ട് അതോറിറ്റി ഇതിലിടപെടുന്നത്. എന്തിന്? ആർക്ക്? എന്നൊന്നും വിശദമാക്കാതെ ചീക്കല്ലൂരിനെ ലക്ഷണമൊത്ത വിമാനത്താവള നിർമാണസ്ഥലമാക്കി അവർ തീരുമാനിച്ചു.

## ഉറക്കം നഷ്ടമായ രാത്രികൾ

''രാത്രി ഉറക്കം പോലും വരുന്നില്ല''.- അദ്ധ്യാപകനും കർഷകനുമായ രാജേന്ദ്രൻ പറഞ്ഞു: "എന്റെ മുത്തച്ഛന്മാരുടെ കാലം മുതൽ ഈ പാടത്തും പറമ്പിലുമാണ് ഞങ്ങളുടെ ജീവിതം. ഞങ്ങളാരും ജന്മികളൊന്നുമല്ല. ഈ പാടം കനിയുന്നതുകൊണ്ട് ഇതുവരെ പുറമേനിന്ന് അരി വാങ്ങിയിട്ടില്ല. അതാണ് ഞങ്ങളുടെ ജന്മി ബൂർഷ്വാ സ്വഭാവമെന്നു വേണമെങ്കിൽ പറയാം. വിദേശത്തു പോലും ഇല്ലാത്ത തരത്തിലാണ് ഇവിടെ തിരക്കിട്ട് വിമാനത്താവളം പണിയുന്നത്. ചീക്കല്ലൂരിൽനിന്ന് രണ്ടുമണിക്കൂർകൊണ്ട് കോഴിക്കോട് എയർപോർട്ടിലും മൈസൂർ എയർപോർട്ടിലുമെത്താം. നിർമാണപ്രവർത്തനം ആരംഭിച്ച കണ്ണൂർ എയർപോർട്ടിലേക്കും രണ്ടുമണിക്കൂർ സമയം മതി. പിന്നെ എന്തിനാണ് ഞങ്ങളുടെ ജീവിതം തന്നെയായ പാടശേഖരവും കുന്നുകളും ഇടിച്ചുനിരത്തി ഇല്ലാതാക്കുന്നത്. എന്തായാലും ഈ പാടത്ത് മണ്ണിട്ട് ഞങ്ങളുടെ വായിൽ മണ്ണാക്കാൻ ഞങ്ങൾ സമ്മതിക്കില്ല- രാജേന്ദ്രൻ പറയുന്നു.

"ജനങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിന് ചീക്കല്ലൂരുകാരാരും എതിരല്ല. വിമാനത്താവളം ഒരു വികസനവും ഞങ്ങൾക്ക് തരില്ലെന്നുറപ്പുണ്ട്. മറിച്ച്, അത് ഞങ്ങളുടെ ജീവിതത്തെയും അടിസ്ഥാന ചുറ്റുപാടുകളെയും തകിടം മറിക്കും. നിരവധി പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിക്കുക. വികസനമെന്നാൽ കുറച്ചു കോൺക്രീറ്റ് കെട്ടിടങ്ങളോ ടൗൺഷിപ്പോ ഷോപ്പിംഗ് മാളോ ആണെന്നാണ് ചിലർ കരുതുന്നത്. ഇവർ തിരിച്ചറിയാത്ത ഒന്നുണ്ട്. വിനോദസഞ്ചാരികൾ വയനാട്ടിലെത്തുന്നത് ഇവിടത്തെ മഴ കാണാനാണ്. മഴ നനയാനാണ്. മഴനനഞ്ഞ് വയനാടൻ തണുപ്പിലൂടെ നടക്കാനാണ്. ഈ പച്ചപ്പ് കാണാനാണ്. നമ്മുടെ പാടവും പുഴയും കിളികളും എല്ലാം കണ്ട് ആസ്വദിക്കാനാണ് അവരെത്തുന്നത്. ഇതെല്ലാം വെട്ടിമുറിച്ച് മണ്ണിട്ട് നികത്തി എ.സി. കോട്ടേജുകൾ പണിതിട്ടാൽ ആരും ചുരം കയറി വരില്ല. എന്തിനാണ് പിന്നെ ഇങ്ങനെയൊരു വിനോദസഞ്ചാര വികസനം. ചീക്കല്ലൂരിലെ ഈ പാടവും സമീപത്തെ കുന്നുകളും ഇല്ലായ്മ ചെയ്താൽ വികസനം പൂർത്തിയായി എന്നാണ് ചിലർ കരുതുന്നത്. ഇത് വെറും പാഴ്ക്കിനാവാണെന്ന് ഇതിന് കുഴലൂതുന്ന ജനപ്രതിനിധികളെങ്കിലും തിരിച്ചറിയണം. ഒരു നാടിന്റെ ആർദ്രതയും പച്ചപ്പും മണ്ണിട്ടുനികത്താനുള്ള ശ്രമത്തിൽനിന്ന് പിന്തിരിയണം. ഞങ്ങൾ വികസന വിരോധികളാണെന്നാണ് ഇപ്പോൾ പറഞ്ഞുപരത്തുന്നത്''. - പൊതു


*Just Released*
The first Dubai - based thriller by an Indian expatriate author




First published by Amazon (US) June 2013, 2nd edition by Folio Oct. 2013

Price ₹ 399.
*Offer price ₹ 350. Postage free.*

"The theme and plot line of the novel are fascinating."
**Shashi Tharoor.**

"This is a story waiting to happen."
**Ambassador T P Sreenivasan**

"An engaging thriller about a terror plot to secure a suitcase nuke design." The Hindu, TVPM

"Desert Hunt has all the elements for a 21st century thriller unravelling in the most exotic Arab city-Dubai."
Asian Lite, London

How to order the book
(Offer valid only within Kerala)

Just SMS the name of the book (Desert Hunt) to this mobile number:
**9400 225 225**
We will call to get your address to send the book by VPP. Pay only the discounted price to the postman to get this gripping thriller.

**Folio Books,**
Sasthamangalam, Trivandrum.
www.ksrmenon.com



കുടിയിറക്കപ്പെടുന്നവർ

പ്രവർത്തകനായ രാജുമാഷ് പറഞ്ഞുനിർത്തി.

## വേണ്ടതു കുടിവെള്ളവും അടിസ്ഥാനസൗകര്യങ്ങളും

"വയനാട്ടിൽ വികസനം കൊണ്ടുവരാനുള്ള തത്രപ്പാടിലാണ് എല്ലാവരും. അതിൽ ഇടതും വലതുമെല്ലാം മുൻപന്തിയിലാണ്"- പരിസ്ഥിതി പ്രവർത്തകനായ ബാദുഷ പറഞ്ഞു: "സുസ്ഥിര വികസനം നല്ലതുതന്നെ. എന്നാൽ വികസനം ദാക്ഷിണ്യമില്ലാതെ ഇറക്കിവിടുന്നത് പാവങ്ങളെയും ദളിതുകളെയും ആദിവാസികളെയുമാണ്. ഇതിന് കേരളത്തിൽ ഏറെ ഉദാഹരണങ്ങളുണ്ട്. ഇടുക്കി ഡാമിന്റെ നിർമാണവേളയിൽ, പെരിങ്ങൽക്കുത്ത് ഡാമിന്റെ നിർമാണവേളയിൽ എല്ലാം ഒഴിപ്പിക്കപ്പെട്ട ആദിവാസി വിഭാഗമായ കാടരാണ് ഇന്ന് അതിരപ്പള്ളി വരുമ്പോഴും ആട്ടിയോടിക്കപ്പെടുക. അതുകൊണ്ട് ചീക്കല്ലൂരിലെ ആദിവാസികളും പാവങ്ങളും ആശങ്കപ്പെടുന്നത് മറ്റൊരു വികസനം തങ്ങളുടെ ജീവിതം തട്ടിത്തെറിപ്പിക്കുമോ എന്നാണ്. പറഞ്ഞുവരുന്നത്, വയനാട്ടിന് അത്യാവശ്യം വിമാനത്താവളമല്ല എന്നതാണ്. കുടിവെള്ളവും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താതെ എന്തിനാണ് ഇത്തരത്തിലുള്ള വികസനം?" ബാദുഷ പറഞ്ഞുനിർത്തി.

മൈസൂരിലെ ദേശീയപാതയ്ക്കരികെ കളക്കടയിലെ വിമാനത്താവളം ഇതുപോലെ കൃഷിയിടം നികത്തി നിർമിക്കപ്പെട്ടതാണ്. എന്നാൽ ലാഭകരമല്ലാത്ത അവസ്ഥയിൽ താഴിടപ്പെടുകയാണ് ഈ വിമാനത്താവളം. മൈസൂരു വിമാനത്താവളം നിർമിക്കുമ്പോഴും ലക്ഷ്യംവെച്ചിരുന്നത് വിനോദസഞ്ചാര വികസനവും അന്തർസംസ്ഥാന വ്യോമഗതാഗതവും മറ്റുമായിരുന്നു. എന്നാൽ, ഐ.ടി ഹബ്ബായ ബാംഗ്ലൂരിനടുത്തുള്ള ഈ വിമാനത്താവളംപോലും ലാഭകരമല്ലാതെ ഇഴഞ്ഞുനീങ്ങുമ്പോഴാണ് വയനാട്ടിൽ ഏക്കർ കണക്കിനു നെൽപ്പാടം നികത്തി വിമാനത്താവളമൊരുക്കാൻ ധൃതി കൂട്ടുന്നത്.

"ചീക്കല്ലൂർ- എരനെല്ലൂർ- മേച്ചേരി പ്രദേശങ്ങളിലുള്ള കാവുകളും ആരാധനാലയങ്ങളും ഇല്ലായ്മ ചെയ്യുന്നതാണ് ഈ പദ്ധതി"- സമിതി പ്രവർത്തകനായ മുരളി പറയുന്നു. "ഒരു ഹെക്ടർ വയൽ രണ്ടുകോടി ലിറ്റർ ജലം സംഭരിക്കുന്നു എന്നു പറയുമ്പോൾതന്നെ പാടശേഖരത്തിന്റെ പ്രാധാന്യം നമുക്കു മനസ്സിലാകും. പരമ്പരാഗതമായ കാർഷികവൃത്തിയെ ആശ്രയിച്ചു കഴിയുന്ന ആയിരത്തിലധികം കർഷകരാണ് ഈ പദ്ധതി വരുന്നതോടെ വഴിയാധാരമാകുക.

രണ്ടു വർഷമായി തുടരുന്ന ശക്തമായ സമരമാണ് ചീക്കല്ലൂർ പ്രദേശത്ത് നടക്കുന്നത്. സർവേയുമായി ബന്ധപ്പെട്ട ജോലികൾ അധികൃതർ തുടരുന്നുവെന്നാണ് ഞങ്ങൾക്കു ലഭിച്ച വിവരം. ഭൂമിയുടെ ഫെയർ വാല്യു കണക്കാക്കിയ പട്ടിക ഉടൻ പുറത്തിറങ്ങുമെന്നും



അറിയാൻ കഴിയുന്നുണ്ട്. ഞങ്ങളുടെ സമരങ്ങൾ ബന്ധപ്പെട്ടവരാരും തിരിച്ചറിയാത്തത് ഞങ്ങളെ നിസഹായരാക്കുന്നുണ്ട്.

## അട്ടിമറിക്കപ്പെടുന്ന നിയമങ്ങൾ

നിലവിലുള്ള നെൽവയൽ നീർത്തട സംരക്ഷണനിയമം, തണ്ണീർത്തട സംരക്ഷണനിയമം, നദീതട സംരക്ഷണനിയമം എന്നിവ അട്ടിമറിച്ചാണ് പദ്ധതിക്ക് നിലമൊരുക്കുന്നത്. ഭരണകക്ഷികളൊഴികെയുള്ള എല്ലാ മുഖ്യധാരാ പാർട്ടികളും ഈ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞങ്ങൾക്കൊപ്പമുണ്ട്. ഇവിടെനിന്ന് കുടിയിറക്കപ്പെട്ടിട്ട് മറ്റൊരു ജീവിതം ഞങ്ങൾക്കില്ല. മണ്ണ് അല്ലെങ്കിൽ മരണം എന്നതാണ് ഞങ്ങളുടെ മുദ്രാവാക്യം. ജനിച്ചാൽ മരണം ഉറപ്പാണ്. അതുകൊണ്ട് മരിക്കുന്നെങ്കിൽ ഈ മണ്ണിൽ കിടന്ന് മരിക്കാൻതന്നെയാണ് ഞങ്ങളുടെ തീരുമാനം."



"ഈ മണ്ണ് ഞങ്ങളുടെ പെറ്റമ്മയാണ്. സ്വന്തം അമ്മയെ എങ്ങനെ സംരക്ഷിക്കും അതുപോലെയായിരിക്കും ഈ സമരത്തിൽ ഞങ്ങളെന്ന്" സംരക്ഷണസമിതി സെക്രട്ടറി വെമ്മേരി രാഘവൻ പറഞ്ഞു. അഭിഭാഷകനായ ഗോപാലകൃഷ്ണനാണ് സമരസമിതിയുടെ പ്രസിഡന്റ്.

ആറന്മുളയ്ക്കു ലഭിച്ച വാർത്താപ്രാധാന്യമോ സമരമുഖങ്ങളിലെ താരസാന്നിധ്യമോ ഒന്നും ചീക്കല്ലൂരിനെ ചർച്ചയാക്കുന്നില്ല. എന്നാൽ, വി.എസിന്റെ വരവ് സമരത്തിന് ഉണർവ് നൽകിയിട്ടുണ്ട്. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് സമഗ്രമായി നടപ്പാക്കണമെന്നാവശ്യപ്പെട്ട് ശാസ്ത്രസാഹിത്യപരിഷത്ത് രംഗത്തുവരികയും ഗാഡ്ഗിൽ കസ്തൂരി രംഗൻ കമ്മീഷൻ റിപ്പോർട്ടുകൾ ജനവിരുദ്ധമാണെന്ന് പറഞ്ഞ് എൽ.ഡി.എഫ്. പ്രചാരണം തുടങ്ങുകയും ചെയ്തതോടെ വരും നാളുകളിൽ പരിസ്ഥിതി വികസന ചർച്ചകൾ ചീക്കല്ലൂരിൽ മാത്രം ഒതുങ്ങുകയില്ല.

എന്നാൽ ജനകീയ പ്രതിഷേധങ്ങളുടെ തീക്ഷ്ണതയിൽ ഉലഞ്ഞുപോയ സർക്കാർ ഇപ്പോൾ തങ്ങളായിട്ട് മുൻകൈ എടുത്ത് വിമാനത്താവള നിർമാണം തുടങ്ങില്ലെന്ന് പറയുന്നുണ്ടെങ്കിലും ചീക്കല്ലൂരുകാരിത് വിശ്വസിക്കുന്നില്ല. കാരണം പ്രാദേശിക ഭരണസമിതികളോ ജനങ്ങളോ അറിയാതെയാണ് വിമാനത്താവളം ഇവിടെ പണിതുയർത്താനുള്ള പദ്ധതി ഇത്രത്തോളം മുന്നോട്ടുപോയത്. അതുകൊണ്ടുതന്നെ സമരസമിതിക്കോ ബന്ധപ്പെട്ടവർക്കോ ഈ വിഷയത്തിൽ വ്യക്തമായ അറിയിപ്പ് ഇതുവരെ ലഭിച്ചിട്ടുമില്ല.

ഏതെങ്കിലും സ്വകാര്യ സംരംഭകന്റെ കണ്ണ് ചീക്കല്ലൂരിൽ പതിഞ്ഞാൽ, അത് സർക്കാർ സംവിധാനങ്ങൾക്ക് വികസനം എന്ന് ബോധ്യപ്പെട്ടാൽ ചീക്കല്ലൂരിനെ വീണ്ടും വിമാനത്താവളം വിഴുങ്ങിയേക്കുമെന്ന ഭീതിയിലാണിവർ. അതുകൊണ്ടുതന്നെ പദ്ധതി ഉപേക്ഷിച്ചെന്ന് ഉന്നത ഉദ്യോഗസ്ഥർ പറയുമ്പോഴും ചീക്കല്ലൂരുകാർ ഉറക്കമൊഴിച്ച് കാവലിരിക്കുകയാണ് തങ്ങളുടെ നെൽപാടം മണ്ണിട്ട് മൂടപ്പെടാതിരിക്കാൻ. ●

Always with quality
GREEN BOOKS
പുസ്തകവിചാരം

നോവൽ

**പഥേർദാബി**
ശരത്ചന്ദ്ര ചതോപാധ്യായ
വിവ: ലീലസർക്കാർ, ₹260.00

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിലെ വിപ്ലവത്തിന്റെ ചുവന്ന ചിഹ്നങ്ങൾ അടയാളപ്പെടുത്തുന്ന ആദ്യ കൃതിയാണ് പഥേർ ദാബി. പുറത്തിറങ്ങിയ ആദ്യ ആഴ്ചതന്നെ ബ്രിട്ടീഷുകാർ ഈ കൃതി നിരോധിച്ചു. സുപ്രസിദ്ധമായ ഈ കൃതി വൈകിയാണെങ്കിലും മലയാള വായനക്കാർക്കായി സമർപ്പിക്കുന്നു.



**ഉൾക്കടൽ ദ്വീപിലെ നിട്ടാന്തരങ്ങൾ**
ഹംസക്കുട്ടി, നോവൽ, ₹275.00

സർഗ്ഗാത്മകതയുടെ പുതിയ തീരങ്ങളിലേക്ക് മലയാള നോവൽ വളരുകയാണ്. ജീവിതത്തിന്റെയും ചരിത്രത്തിന്റെയും പ്രകൃതിയുടെയും ഭാഷയുടെയും നൈസർഗ്ഗികമായ ജൈവഘടനകളെ ഇഴചേർത്തുകൊണ്ട് ഹംസക്കുട്ടി രചിച്ച ഈ ഇതിഹാസം മലയാള നോവലിലെ അനന്യമായ സൗന്ദര്യമാണ് എന്ന് ജി. മധുസൂദനൻ

info@greenbooksindia.com
തൃശൂർ • പാലക്കാട് • കണ്ണൂർ
Phone: 0487 - 2422515, 2361038 0491 - 2546162, 0497-2763038,
www.greenbooksindia.com

TIMES CITY
THE TIMES OF INDIA, KOZHIKODE | MALAPPURAM | MONDAY, JULY 7, 2014


# State's first rewilding project a success in Wayanad

K R Rajeev | TNN

**Kozhikode:** The state's first rewilding experiment through voluntary relocation of people, who had inhabited the wildlife sanctuaries, has come to fruition as the area is now teeming with wild animals.

The settlements in Golur and Ammavayal villages in Wayanad were left by its inhabitants in 2012. The 54 families from the two villages, along with 64 families in the neighbouring Kottankara village, had moved out of the area which is located deep inside the Wayanad Wildlife Sanctuary (WWS). Under the central government sponsored integral animal habitat development programme, each family was paid a compensation of Rs 10 lakh for moving out.

Abhijith A V



Wild animals have taken over the two erstwhile human habitations of Golur and Ammavayal in Wayanad

> "A miraculous transformation has happened to the area ever since the people moved out. Around 100 acres of fields, which were under paddy cultivation before, have now turned to grass lands attracting deer, bison and other animals"
>
> **N Badusha** | WAYANAD PRAKRITHI SAMRAKSHANA SAMITHI PRESIDENT

"A miraculous transformation has happened to the area ever since the people moved out. Around 100 acres of fields, which were under paddy cultivation before, have now turned to grass lands attracting deer, bison and other animals. Herds of elephants roam around freely and we have also recorded pug marks of tigers and bears here," said N Badusha, president of the Wayanad prakrithi samrakshana samithi, who had been in the forefront of the relocation drive along with a Bangalore-based Wildlife Conservation Society (WCS).


He said that the project helped the people as they don't have to face animal attacks and have access to facilities like electricity and water.

The only remains of human occupation here is a house, which the forest department has converted to an anti-poaching camp. The department has also implemented an eco-restoration project here by creating an earthen check dam, which provides water to animals.

Last week, MoEF had sanctioned Rs 7.5 crore for relocating Kurichiyad settlement, under which 75 families have to move out of the sanctuary premises. Roy P Thomas, wildlife warden of WWS said that the project would be implemented by August, once the funds are sanctioned. Badusha opined that MoEF should come forward to sanction the remaining Rs 60 crore for the relocation of the remaining 10 more villages.

A study conducted by the Kerala Forest Research Institute (KFRI) in 2009, revealed that there were about 12,000 people belonging to 2,500 families residing within the WWS. Based on the report, the state government had submitted Rs 80-crore proposal for the relocation of the 800 families in 14 settlements. This was accepted and approved by the Union government in 2011.

It aimed at relocating around 800 families in 14 settlements in the first phase itself and could have added over 1,500 acres of land to the wildlife sanctuary, making it one of the largest voluntary relocation programmes in the country.



...ിന്ന്

...ഡസി

രാത്രി യാത്രാ നിരോധം

# കേസ് നടത്തിപ്പ് കാര്യക്ഷമമാക്കാൻ മുഖ്യമന്ത്രി ഇടപെടണം

● സ്വന്തംനിലക്ക് അഭിഭാഷകനെ നിയോഗിക്കുമെന്ന് സർവകക്ഷിയോഗം

**സുൽത്താൻ ബത്തേരി:** ദേശീയപാത 212ലെ രാത്രിയാത്രാ നിരോധവുമായി ബന്ധപ്പെട്ട കേസിന്റെ അന്തിമവിചാരണ ജനുവരി 30ന് സുപ്രീം കോടതിയിൽ നടക്കാനിരിക്കെ കേരളത്തിന്റെ താൽപര്യം കോടതിയിൽ ശക്തമായി സമർപ്പിക്കാൻ കഴിയുന്ന വിധത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഇടപെടണമെന്ന് സുൽത്താൻ ബത്തേരി വ്യാപാരഭവനിൽ ചേർന്ന സർവകക്ഷിയോഗം ആവശ്യപ്പെട്ടു. കോൺഗ്രസ് നേതൃത്വം നൽകുന്ന കർണാടക സർക്കാറാണ്, വയനാട് പ്രകൃതിസംരക്ഷണ സമിതിയോടൊപ്പം കേസിൽ മറുപക്ഷത്തുള്ളത്.

കേരളത്തിന്റെയും കർണാടകത്തിന്റെയും വികസനമേഖലയിലേറെ ശ്രദ്ധേയമായതും നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്നതുമായ കൊല്ലഗൽ-കോഴിക്കോട് ദേശീയപാതയുടെ സംരക്ഷണത്തിനും ഇരുസംസ്ഥാനങ്ങളുടെയും വികസനത്തിനുമുതകുന്ന നിലപാട് സുപ്രീം കോടതിയിൽ സ്വീകരിക്കാൻ കർണാടക സർക്കാറിനുമേൽ കോൺഗ്രസ് സമ്മർദം ചെലുത്തണം.

ദേശീയപാതയിലെ രാത്രിയാത്രാ നിരോധ വിഷയത്തിൽ കോടതി ഇടപെടലിന് കാരണക്കാരനായ അഡ്വ. ശ്രീനിവാസ ബാബു അടക്കം പ്രശ്നങ്ങൾ മനസിലാക്കി പിൻവാങ്ങിയ പശ്ചാത്തലത്തിൽ നാടിന്റെ വികസനത്തിനും ജനതാൽപര്യത്തിനുമൊപ്പം നിൽക്കാൻ വയനാട് പ്രകൃതിസംരക്ഷണസമിതി തയാറാവണമെന്നും യോഗം ആവശ്യപ്പെട്ടു.

2009ൽ നിലവിൽവന്ന രാത്രിയാത്രാ നിരോധത്തിനെതിരെ 2010ലാണ് കേരള സർക്കാർ സുപ്രീം കോടതിയെ സമീപിച്ചത്. വർഷങ്ങൾ നാലുകഴിഞ്ഞിട്ടും കേസ് വാദിക്കാൻ സീനിയർ അഭിഭാഷകനെ നിയോഗിച്ച് രേഖകൾ കൈമാറാൻ സംസ്ഥാന സർക്കാർ തയാറായിട്ടില്ലെന്ന് 'മാധ്യമം' കഴിഞ്ഞദിവസം ചൂണ്ടിക്കാണിച്ചിരുന്നു. കേസുമായി മുന്നോട്ടുപോകുന്ന വയനാട് പ്രകൃതിസംരക്ഷണ സമിതിയാകട്ടെ അഭിഭാഷകനെ മുൻകൂട്ടി ചുമതലപ്പെടുത്തി കേസ് നടത്തിപ്പിൽ ഏറെ മുമ്പിലാണ്. സ്വന്തംനിലക്ക് അഭിഭാഷകനെ നിയോഗിക്കാനും യോഗത്തിൽ തീരുമാനമായി.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ.എം. ജോർജ് അധ്യക്ഷത വഹിച്ചു. ആക്ഷൻ കമ്മിറ്റി കൺവീനർ അഡ്വ. ടി.എം. റഷീദ് ആമുഖപ്രഭാഷണം നടത്തി.

# Sanctuary awaits tiger reserve tag

## Forest Officials Say Wayanad Wildlife Sanctuary Is Home To 76 Big Cats


Rajeev.KR@timesgroup.com

**Kozhikode:** Wayanad is an integral part of the Mudumalai-Bandipur-Nagarhole-Wayanad complex, which holds the world's single largest tiger population with over 570 tigers, as per the 'Status of tigers in India, 2014', a report released in New Delhi on Tuesday.

But, even while basking in the high point of this conservation success, the very mention of the big cat and additional steps for its conservation stirs intense emotions, fear and even violent opposition among the people of the forest-fringed district.

Even mere rumours of declaring the Wayanad Wildlife Sanctuary (WWS) as a tiger reserve was enough to spark off hartals, attacks against forest offices in the district in the last two years and the issue was even exploited by many political parties in the last general election.

**STRAPPED FOR FUNDS**



- **Tiger reserves like Bandipur get funds of around ₹200 crore** from the NTCA for managing man-animal conflict and forest management
- **WWS receives funds of just ₹2-3 crore** from the state government for the same
- **The central aid for WWS is just ₹40 lakh,** while tiger reserves can get funds to the tune of **₹13 crore**

Wayanad, incidentally, is the only area in the critical tiger landscape which has not yet been declared as a tiger reserve.

Forest department sources said that as per their estimates, Wayanad hosts as many as 76 tigers. The latest report shows the state's tiger population increasing from 71 in 2010 to 136 in 2014, mostly on account of the healthy tiger population in Wayanad forests.

According to Wildlife Conservation Society (WCS)-Centre for Wildlife Studies (CWS) which has contributed its 2013 season survey data to the National Tiger Conservation Authority (NTCA) effort, the estimates for WWS is 42 tigers of over one year of age. A similar camera-trap programme undertaken by World Wide Fund (WWF) for Nature-India concluded that the sanctuary had at least 67 adult tigers and 11 cubs. "The state is losing crores of rupees which would otherwise have come from the NTCA because of this erroneous perception among people in the district that setting up of a tiger reserve would lead to imposing of severe restrictions on their lives," a top forest official in the state said.

He said that while the adjoining tiger reserves like Bandipur are getting funds of around Rs 200 crore from the NTCA for managing man-animal conflict and forest management, WWS is not getting a single rupee from NTCA just because it has not been declared a tiger reserve.

"What we are getting is just Rs 2-3 crore from the state government fund to manage the man-animal conflict. Also, the allocation for the management of 344 sq km WWS is just around Rs 40 lakh, while tiger reserves are getting central funds to the tune of Rs 13 crore," he added.

Wayanad Prakrithi Samrakshana Samithi (WPSS) president N Badusha said, "It is unfortunate that some vested interests were successful in creating a mass hysteria among people on the issue. Now it is up to the government to take up the challenge and convince people that having a tiger reserve would benefit them in the implementation of voluntary relocation programmes and even in mitigating man-animal conflict."

Noted tiger expert K Ullas Karanth, who is also the director for Science-Asia, WCS, said that declaration of a 'tiger reserve' does not mean any additional legal restrictions within the area as WWS is already a wildlife sanctuary. However, a tiger reserve will bring in additional funding, for voluntary relocation and eco-development work in fringe villages. These basic points have to be communicated to the general public," he said.

State chief wildlife warden G Harikumar said that though declaring WWS as a tiger reserve would contribute a lot to tiger conservation and at the same time turn out to be beneficial for the villagers, the government would not force such a proposal on the people and would like to have the demand for the same come up from the side of the people.

# Freedom from fear for villages in Wayanad

Rajeev.KR@timesgroup.com

**Kozhikode:** The shooting down of the suspected man-eating tiger came as a relief to the border villages in Wayanad on Wednesday.

For the past one week, the tiger on the prowl had terrorized and restricted the movement of the villagers. As the news of Tamil Nadu officials shooting down the carnivore started trickling in by around 3pm, the villages heaved a collective sigh of temporary relief.

S Prasanna (32) of Mukkuthikunnu received the news much later around 8pm since she has been living in an entrapped village—surrounded by forests in all four sides. The village doesn't have a television set or power connection.

Speaking to TOI, the woman said she didn't feel anything initially on hearing the news of the tiger's death. A few seconds later, emotions overcame her.

"It killed my father in the most brutal manner. It didn't even give me a chance for a last glimpse of my father, and this pain will remain with me forever," she said.

Prasanna's father Sundarath Bhaskaran (62) was killed and devoured by the tiger on February 9. The remains of his body were found the next day.

Her brother S Pradeep welcomed the slaying of the carnivore, but said the freedom from fear would be temporary.


"This does not change the reality of living isolated in a village surrounded by the wilderness," he said. Pradeep would be joining the forest department as a fire-watcher next week, a temporary job the government had offered on compassionate grounds.

In Chettiyalathur village, some 1.5 km away from where Bhaskaran was killed, the residents received the news with elation. "The village was like a place under siege with people forced to remain outdoors in fear of the man-eater. I even missed my entrance coaching classes last week," 18-year-old P Sudheesh said.

Across the border, in Tamil Nadu's Bitherkadu town, hundreds of people crowded to see the dead tiger being taken away in an open jeep.

"We would have slipped into total poverty if the hunt for the tiger had prolonged. All work in the plantations had been suspended. We now hope to move ahead with our lives," Gopalan of Benna settlement in Tamil Nadu, said.

TOI



**GUNNED DOWN:** The eight-year-old tiger was shot dead at a private estate in Perumballi village, Tamil Nadu, on Wednesday

## 'Man-eater' was 'problem' tiger in Muthanga

Rajeev.KR@timesgroup.com

**Kozhikode:** The tiger that was hunted down at Perumballi in Gudalur, Tamil Nadu, on Wednesday had created severe headache for authorities and residents of villages bordering the Wayanad Wildlife Sanctuary (WWS) in Muthanga in 2013.

The tiger had then targeted livestock of villagers, the Wildlife Conservation Society (WCS) said, after matching the photograph of the carnivore.

A local resident photographed the predator at Pattavayal, where it had killed an estate worker, on Saturday. The visual matched with the Muthanga tiger, camera-trapped in 2013.

The Kerala forest department set up the camera trap after local villagers complained of a 'problem' tiger regularly lifting their cattle.

"We compared the images with the database of individual tigers created over the years. The injured tiger matched with the individual 'Wayanad-S4242' in our database," Dr N Samba Kumar, additional director-science and conservation, WCS, said.

The images were matched and analyzed using advanced stripe analysis software.

While camera-trapped in 2013, the tiger did not seem to be injured, WCS officials said. After 2013, cameras had not captured the beast.

Experts said that given the high density and reproductive potential of tigers, the predators, especially sub-adult dispersers, old or injured tigers, were likely to spill over to wider landscape from the Nagarahole-Bandipur-Mudumalai-Wayanad complex.

## Bid to tranquilize tiger failed

▶Continued from Page 1

Soon STF personnel and veterinarians surrounded the estate. But initial attempts to tranquilise it failed and the tiger pounced on a STF commando forcing the personnel to fire four rounds killing it instantly.

Sadiq Ali of Wildlife and Nature Conservation Trust, an Ooty-based NGO, said the tiger had several injuries on its shoulder and deep wounds on other parts of the body. "The external injury and stripes of the dead animal match that of the tiger which attacked the woman," said Nilgiris collector P Sankar.

The standard operating procedure (SOP) issued by NTCA in January, 2013, insists that a committee has to be formed with nominees of the state chief wildlife warden, NTCA, a vet, representatives of a local NGO and panchayat, and the district forest officer to identify the man-eater. The committee should make all efforts to identify the man-eater using camera traps, pug impression pads and DNA analysis of scats and hair. "But in this case, no such panel was formed before it was declared a man-eater," a senior forest officer said. "But a committee has now been formed to look into its post-mortem," he said.

## CPM stalls VS bid to express dissent

**Thiruvananthapuram:** VS Achuthanandan's attempt to raise his dissent against the working committee report at the forthcoming CPM state conference in Alappuzha is unlikely to materialize. The central leadership is learnt to have decided to veto the presentation of the dissent note in the state conference and they are upset over the leak of the dissent note to media.

After the state committee meeting that finalized the report, VS decided to send his dissent note to the general secretary with a request for a directive to discuss it in the polit bureau (PB) and suggest including it in the working report. But, the PB didn't meet after that as leaders were busy withthe state conferences.

TNN

KOZHIKODE 6 APRIL 2015 MONDAY ₹6 PAGES 34 MORNING EDITION

THE NEW INDIAN EXPRESS

MADURAI ▪ VIJAYAWADA ▪ BENGALURU ▪ KOCHI ▪ HYDERABAD ▪ VISAKHAPATNAM ▪ COIMBATORE ▪ KOZHIKODE ▪ THIRUVANANTHAPURAM ▪ BELAGAVI ▪ BHUBANESWAR ▪ SHIVAMOGGA ▪ TIRUCHY ▪ www.newindianexpress.com



HU

stions on website
anexpress.com
ll answer them

ADAR

a Meet on Apr 17

The high-powered com-
imala infrastructure
ill meet in Thiuvanan-
pril 17 to give the green
rojects to be imple-
he beginning of the
image season.

P6

# Leopard Run over by Vehicle in Sulthan Bathery Range

**Express News Service**

**Sulthan Bathery:** A male leopard was killed after it was run over by an unknown vehicle at Thakarapadi, in the Sulthan Bathery Range under the Wayanad Wildlife Division, on Saturday night.


The carcass of the animal, aged around seven years, was found on the road by a passerby who informed the Forest Department.

The animal died on the spot owing to internal injuries. The accident is believed tohave occurred around 8.30 pm.

Officials said examination of the carcass showed severe wounds on the head, neck and shoulder.

Though the forest officials immediately contacted the personnel at the checkposts on the Tamil Nadu border, the vehicle involved in the accident could not be tracked.

After a post-mortem at the Forest Department laboratory at Kuppadi, the carcass of the carnivore, which falls under the Schedule one endangered species category, was incinerated. Forest officials suspect that the accident was caused by a vehicle rushing to reach the Karnataka border on NH 212 where traffic is restricted between 9 pm and 6 am.



The carcass of the leopard which suspected to be run over by a speeding vehicle on NH 212 at Thakarapadi, near Sulthan Bathery on Saturday night

Meanwhile, environmentalists in the district alleged that in the recent times many wild animals had fallen victims to speeding vehicles on the stretch due to official apathy. "We have asked the authorities concerned to put up speed-breakers and signboards since many wild animals have been killed in similar accidents. However, there was no action to address the issue," said Wayanad Prakruthi Samrakshana Samithi president N Badusha.

The closure of traffic between 9 pm and 6 am is based on the order of the High Court of Karnataka issued on March 9, 2010, and the matter is at present pending before the Supreme Court of India in SLP (Civil) 13838/2010, 24865 and 24866/2012. The highway is owned and maintained by the Union Ministry.

# Rising Tourism Can Cause Damage to Wayanad Wildlife Sanctuary: Greens

**by C P Sajit**

**Kannur:** Increasing tourism activities can cause immense damage to areas with fragile ecosystems like the Wayanad Wildlife Sanctuary that retains small creatures like rare frogs and vultures, said N Badusha, president of the Wayanad Prakruti Samrakshana Samithi (WPSS).

Concerned over the unregulated growth of tourism activities in forest areas of Wayanad Wildlife Sanctuary, Badusha has written a letter to the Minister of Environment and Forests seeking steps to restrict the Kerala department of Forests and Wildlife from opening up the Kurichiad range for tourism.

The samithi also requested to take action to assess the carrying capacity of the sanctuary, demarcate the core tourism zones of the sanctuary and restrict the number of tourists visiting Muthanga and Tholpetty. Badusha said that the increase in the inflow of tourist activities is huge disturbance to fragile ecosystem in the sanctuary.

"Already the pressure of tourism operations in the Wildlife Sanctuaries and other protected areas in Kerala is huge. There were no assessment of the carrying capacity in any of the sanctuaries in Kerala. Besides, no tourism zones have been delineated," he said.

Badusha said that the Wayanad Wildlife Sanctuary is no exception. It is contiguous with Nagarhole and Bandipur National Parks and Mudumalai Tiger Reserve. These four protected areas together constitute the most important habitat for Asian elephant and tiger in India, he adds.

"Tourism operations in Nagarhole and Bandipur in Karnataka and Mudumalai in Tamil Nadu are strictly controlled. Tourists are allowed inside these sanctuaries only in Forest Department vehicles. But in Kerala, texi jeeps are allowed to ply around the sanctuaries," he said

Several tourists are entering the sanctuary through two authorised entries, including Muthanga and Tholapetty.

Kerala Forest and Wildlife Department has further extended tourism activities to Kurichiyad range of the sanctuary and have already constructed a building at Chethalayam for accommodation facilities.

"Under the Wildlife sanctuary Management plan for 2012 -2022, this development project for tourism activities were not included. Hence it is illegal to execute non-forestry activities which are not mentioned in the Management plan approved by MoEF and Government of Kerala,"Badusha said.

He further cited that a major tourist attraction of the area is a waterfall at Chethalayam. The river and forests here are an important habitat for birds and mammals. The influx of vehicles and people will disrupt the movement of animals.

The stream bed below the Chethalayam waterfall is the only known habitat of the frog Micrixaluss nudis. Discovered in 1978 by R S Pillai, a scientist of the Zoological Survey of India from Chethalayam, it is not found anywhere else in the world. Any slight disturbance to the ecosystem may cause their extinction.

The Kurichiad forest is an important habitat of four species of endangered vultures.

This area is also the breeding site for the White-rumped vulture (Gyps bengalensis). The bird was also found nesting in Tholpetty range of the sanctuary also. Kurichiyad and Tholpetty are the only known nesting areas of White-rumped vultures in Kerala, and perhaps in whole of south India.Considering the importance of Kurichiyad area in biodiversity conservation, recently 150 tribal families were relocated spending ₹15 crore from the centrally sponsored fund from MoEF. With the relocation of the human population, the area is fast developing into a rich wildlife habitat, crucial for the existence of many endemic and endangered species of flora and fauna.

If the area is opened up for tourism and other non - forestry operations, it will certainly nullify any habitat improvement achieved with relocation, he addressed.

> The president of the Wayanad Prakruti Samrakshana Samithi has written a letter to the Minister of Environment and Forests seeking steps to restrict the Kerala department of Forests and Wildlife from opening up the Kurichiad range for tourism